# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2875 | 28/01/2014 ൽ മറുപടിക്ക്

### സ്കൂൾ യൂണിഫോം വിതരണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. വി. വിജയദാസ് | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | 2013-14 അധ്യയന വർഷത്തിൽ കുട്ടികൾക്ക് സ്കൂൾ യൂണിഫോം വിതരണവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ നേട്ടമായി പ്രഖ്യാപിച്ച കാര്യങ്ങളിൽ എന്തെല്ലാം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ ; | എ) | 2012-13 വർഷം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴകെയുള്ള കുട്ടികൾക്ക് എസ്.എസ്.എ മുഖേന സൗജന്യ യൂണിഫോം അനുവദിച്ചിരുന്നു. 2013-14 വർഷം എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കും സൗജന്യ യൂണിഫോം അനുവദിക്കാൻ സംസ്ഥാന സർക്കാർ ഫണ്ട് അനുവദിച്ചു. ഈ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശം അനുസരിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചു. കമ്മിറ്റി നിർദ്ദേശം അനുസരിച്ച് രാജ്യവ്യാപകമായി തുണിമില്ലുകളിൽ നിന്നും ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ടെണ്ടറുകളിൽ നിന്നും 8 കമ്പനികളെ എംപാനൽ ചെയ്യുകയും, ടി കമ്പനികളിൽ നിന്നോ ഗുണനിലവാരം ഉറപ്പുവരുത്തി ഓപ്പൺ മാർക്കറ്റിൽ നിന്നോ യൂണിഫോം തുണിത്തരങ്ങൾ വാങ്ങുന്നതിന് 19/11/2013 ലെ സ.ഉ (കൈ.) നം . 298/2013/പൊ.വി.വ പ്രകാരം എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകി യിട്ടുണ്ട്. |
| ബി) | 2014 ജനുവരി 17-വരെ എത്ര കുട്ടികൾക്ക് യൂണിഫോം ലഭ്യമാക്കിയിട്ടുണ്ട് ; ഇല്ലെങ്കിൽ എന്തുകൊണ്ട് ? | ബി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ